# ഐആർപിസി വളണ്ടിയർ സംഗമം തുടങ്ങി

**പയ്യന്നൂർ** > ഐആർപിസി വളണ്ടിയർ സംഗമങ്ങൾക്ക് പയ്യന്നൂരിൽ തുടക്കമായി. പയ്യന്നൂർ ട്രേഡ് യൂണിയൻ സെന്ററിൽ ഉപദേശകസമിതി ചെയർമാൻ പി ജയരാജൻ ഉദ്ഘാടനം ചെയ്തു. 15ന് പാലിയേറ്റീവ് ദിനത്തിന്റെ ഭാഗമായി നടക്കുന്ന പരിപാടികൾ വിജയിപ്പിക്കണമെന്ന് അദ്ദേഹം അഭ്യർഥിച്ചു.

പഞ്ചായത്ത്, മുനിസിപ്പൽ, കോർപറേഷൻ തലത്തിൽ പാലിയേറ്റീവ് ഡോക്ടർമാരുടെയും നേഴ്സുമാരുടെയും സേവനം കൂടി ഉൾപ്പെടുത്തി. കിടപ്പ് രോഗികളുള്ള വീടുകൾ സന്ദർശിച്ച് ആവശ്യമായ പരിചരണം നൽകും. 2800 വളണ്ടിയർമാർ 9600 വീടുകളിൽ സന്ദർശനം നടത്തു



► ഐആർപിസി വളണ്ടിയർ സംഗമം പയ്യന്നൂരിൽ ഉപദേശകസമിതി ചെയർമാൻ പി ജയരാജൻ ഉദ്ഘാടനം ചെയ്യുന്നു

മെന്നും പി ജയരാജൻ പറഞ്ഞു. ഡോ. എം ഹരിദാസ് അധ്യക്ഷനായി. ബെസ്റ്റ് വളണ്ടിയർ അവാർഡ് നേടിയ പയ്യന്നൂർ നഗരസഭാംഗം പി പ്രീതക്ക് സി കൃഷ്ണൻ എംഎൽഎ ഉപഹാരം നൽകി. ഐആർപിസി ഹോം കെയർ ഡയറി ടി ഐ മധുസൂദനൻ വിതരണം ചെയ്തു.

ഹരിത കേരളം പദ്ധതിയുടെ ഭാഗമായി പയ്യന്നൂർ സഹകരണ ആശുപത്രി തയ്യാറാക്കിയ തുണിസഞ്ചികൾ നഗരസഭാ ചെയർമാൻ ശശി വട്ടക്കൊവ്വൽ വിതരണം ചെയ്തു. ഡോ. പോൾ തോമസ്, രമിത്ത്, ജാക്സൺ ഏഴിമല എന്നിവർ ക്ലാസ്സെടുത്തു. ഐആർപിസി ജില്ലാ സെക്രട്ടറി കെ വി മുഹമ്മദ് അഷറഫ്, അഡ്വ. പി സന്തോഷ്, ഉണ്ണികൃഷ്ണൻ, ടി വിശ്വനാഥൻ, അഡ്വ. ടി വി അജയകുമാർ എന്നിവർ സംസാരിച്ചു. പി വി ലക്ഷ്മണൻ സ്വാഗതവും വി പി സുകുമാരൻ നന്ദിയും പറഞ്ഞു. ബാബു ദാമോദരൻ കാനായിയുടെ സ്നേഹ ഗീതം അവതരിപ്പിച്ചു.

# ഞങ്ങളുമുണ്ട് കൂടെ

**കണ്ണൂർ** > ജില്ലയിലെ സാന്ത്വന പരിചരണ മേഖലയുടെ ഹൃദയമായി മാറിയ ഐആർപിസിയുടെ പ്രവർത്തനത്തിൽ ആതുരശുശ്രൂഷയുടെ പാഠങ്ങൾ പഠിച്ച് വിദ്യാർഥികളും പങ്കാളികളാകുന്നു. ഐആർപിസിയുടെ സ്റ്റുഡന്റ് പാലിയേറ്റീവ്കെയർ അംഗങ്ങൾക്കുള്ള പരിശീലന പരിപാടിക്ക് പുതുവർഷ ദിനത്തിൽ തുടക്കമായി. ആദ്യഘട്ടത്തിൽ 30പേരാണ് പങ്കെടുക്കുന്നത്. ജില്ലാ ആശുപത്രി പാലിയേറ്റീവ് കെയർ വിഭാഗവുമായി ചേർന്നാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർ ഐആർപിസി വളണ്ടിയർമാർക്കൊപ്പം വീടുകൾ സന്ദർശിക്കും. മുഴുവൻ സ്കൂളുകളിലും കോളേജുകളിലും സ്റ്റുഡന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് സ്ഥാപിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജില്ലാ ആശുപത്രി കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് ഉദ്ഘാടനം ചെയ്തു. ഐആർപിസി ചെയർമാൻ പി എം സാജിദ് അധ്യക്ഷനായി. കെ വി ഗോവിന്ദൻ മുഖ്യപ്രഭാഷണം നടത്തി. എൻ വി പുരുഷോത്തമൻ, സ്റ്റുഡന്റ് പാലിയേറ്റീവ് കെയർ ചെയർമാൻ എ പി അൻവീർ, എസ്എഫ്ഐ ജില്ലാ സെക്രട്ടറി മുഹമ്മദ് അഫ്സൽ എന്നിവർ സംസാരിച്ചു. ഡോ. കെ മായ സ്വാഗതം പറഞ്ഞു. തിങ്കളാഴ്ച തയ്യിൽ ഐആർപിസി സാന്ത്വനകേന്ദ്രത്തിൽ പ്രായോഗിക പരിശീലനം നൽകും.



► ഐആർപിസി സ്റ്റുഡന്റ് പാലിയേറ്റീവ് കെയർ പരിശീലനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ വി സുമേഷ് ഉദ്ഘാടനം ചെയ്യുന്നു